# പുതുശ്ശേരി കുടിവെള്ള പദ്ധതി ഉദ്ഘാടനം

പാലക്കാട്

06.06.2010.

പുതുശ്ശേരി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഉദ്ഘാടനം ഏറെ സന്തോഷത്തോടെ നിർവഹിച്ചതായി അറിയിക്കുന്നു. പത്ത് കോടിയോളം രൂപ ചെലവിട്ട് നിർമിച്ച ഈ പദ്ധതി പുതുശ്ശേരി പഞ്ചായത്തിലെ അരലക്ഷത്തോളം പേർക്ക് കുടിവെള്ളം ലഭ്യമാക്കു കയാണ്. ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഉത്സാഹിച്ച എല്ലാ വരെയും ഈ അവസരത്തിൽ ഞാൻ ഹാർദമായി അഭിനന്ദിക്കുന്നു.

പാലക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാംഘട്ടവും കണ്ണമ്പ്ര ശുദ്ധജലപദ്ധതിയുമെല്ലാം അടുത്തകാലത്താണ് കമ്മീഷൻ ചെയ്തത്. വർഷങ്ങളോളം ഇഴഞ്ഞുനീങ്ങിയ പാലക്കാട് ശുദ്ധജലപദ്ധതിയുടെ പ്രവൃത്തി ഇപ്പോഴത്തെ ഗവൺമെന്റ് അധികാരത്തിൽവന്നശേഷ മാണ് ത്വരിതപ്പെടുത്തിയത്. എന്നാൽ കണ്ണമ്പ്ര പദ്ധതി രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞു. പുതുശ്ശേരി ജലവിതരണ പദ്ധതി പൂർത്തിയാക്കാൻ ഏഴ് വർഷമെടുത്തു. കുടിവെള്ളവിതരണ പദ്ധതികൾ വൈകുന്നത് അക്ഷന്തവ്യമാണ്. വർഷങ്ങളോളം അനിശ്ചിതത്വത്തിലായിരുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ഇപ്പോഴത്തെ സർക്കാർ വന്നശേഷമാണ് ആരംഭിച്ചത്. അതിന്റെ ആദ്യഘട്ടം കമ്മീഷൻ ചെയ്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നാലാം വാർഷിക ത്തിന് തുടക്കം കുറിച്ചത്.

എല്ലാ കുടുംബങ്ങൾക്കും വീട്, വീട്ടിൽ കുടിവെള്ളവും വൈദ്യുതിയും എന്ന ലക്ഷ്യത്തോടെ മുന്നോട്ടു പോവുകയാണ് സംസ്ഥാന ഗവൺമെന്റ്. വീട് വെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കിയശേഷം വീട് വെക്കാൻ ധനസഹായം, സ്ഥലമുള്ളവർക്ക് വീട് വെക്കാൻ ധനസഹായം എന്നിങ്ങനെ ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിക്ക് തുടക്കം കുറിച്ചു. എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതിയും പുരോഗമിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി വലിയൊരളവോളം മുന്നോട്ടു പോയി. 2011 ൽ ആ പദ്ധതി പൂർത്തി യാകും. ഇപ്പോൾത്തന്നെ പാലക്കാട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യു തീകരണം പൂർത്തിയായി.

എല്ലാവർക്കും കുടിവെള്ളമെത്തിക്കുക, കൃഷിക്കാവശ്യമായ ജലസേചനസംവിധാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പ് ഊർജ്ജിത പരിശ്രമത്തിലാണ്. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 47 വൻകിട പദ്ധതികളും 190 ചെറുകിട പദ്ധതികളും പൂർത്തിയാക്കി പത്ത് ലക്ഷംപേർക്ക് പുതുതായി ശുദ്ധജലം ലഭ്യമാക്കി. സുനാമി പുനരധിവാസപദ്ധതിയുമായി ബന്ധപ്പെട്ട് മാത്രം 115 ശുദ്ധജല പദ്ധതികളാണ് നടപ്പാവുന്നത്. പണമില്ലാത്തതിനാൽ ഇടക്ക്‌വെച്ച് മുടങ്ങിക്കിടന്ന 36 ഗ്രാമീണ ശുദ്ധജലപദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കി പ്രവൃത്തി പുനരാരംഭിച്ചു.

ഈ വർഷം ഇരുപത്‌ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കു ന്നതിന് നൂറ് പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. കുടിവെള്ള വിതരണരംഗത്തും ജലസേചനരംഗത്തും കഴിഞ്ഞ നാല് വർഷത്തിനകം നമുക്ക് വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു.

ദേശീയതലത്തിൽ അതിന് അംഗീകാരവും ലഭിച്ചു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. പതിറ്റാണ്ടുകളായി അനിശ്ചിതത്വത്തിലായിരുന്ന ചമ്രവട്ടം പദ്ധതിയുടെ നിർമാണം തുടങ്ങാൻ കഴിഞ്ഞു.

മുൻകാലങ്ങളിൽ ജലവിഭവ വകുപ്പിനെതിരെ നിരന്തരം ആക്ഷേപങ്ങളായിരുന്നു. കടലിൽ കല്ലിടലിന്റെയും അണക്കെട്ട് നിർമാണത്തിന്റെ പേരിലും കുടിവെള്ള പദ്ധതികളുടെ പേരിലും പൈപ്പിന്റെ കാര്യത്തിലുമെല്ലാം ആക്ഷേപങ്ങളുയരുക പതിവായിരുന്നു. പദ്ധതികൾ ഇഴഞ്ഞു നീങ്ങുന്നതിന്റെ പേരിലും ജലവിഭവ വകുപ്പ് ആക്ഷേപത്തിനിരയാവുക പതിവായിരുന്നു. എന്നാൽ അലംഭാവം മാറ്റി ജലവിഭവ വകുപ്പിനെ കാര്യക്ഷമമാക്കാൻ ഇക്കഴിഞ്ഞ നാല് വർഷംകൊണ്ട് സാധ്യമായി. അഴിമതി ഇല്ലാതാക്കാൻ ശക്തമായ നടപടി സ്വീകരിച്ചു. അതിലെല്ലാമുപരി നമ്മുടെ സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കാൻ ജലവിഭവവകുപ്പ് ജാഗരൂകമായി പ്രവർത്തിച്ചു. പരക്കെ അംഗീകരിക്കപ്പെട്ട ഒരു ജലനയം ആവിഷ്ക്കരിക്കാൻ കഴിഞ്ഞു. മുല്ലപ്പെരിയാർ പ്രശ്നത്തിലും മറ്റ് നദീജലപ്രശ്നങ്ങളിലും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ വേദികളിലെല്ലാം നല്ല പരിശ്രമം നടത്തി. അതിനെല്ലാം ഫലമുണ്ടാവുകയും ചെയ്തു.

ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് നാല് വർഷം പൂർത്തിയാക്കിയ ഘട്ടത്തിലാണ് ഇവിടെ കുടിവെള്ളവിതരണ പദ്ധതി ഉദ്ഘാടനം ചെയ്യുന്നത്. ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും കാർഷിക-വ്യാവസായികോൽപാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലുമെല്ലാം മുമ്പെന്നത്തേക്കാളും

വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ നാല് വർഷമാണ് പിന്നിടുന്നത്. അതെല്ലാം അനുഭവത്തിലുള്ള നിങ്ങളോട് അക്കാര്യങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. പുതുശ്ശേരി പഞ്ചായത്ത് ഉൾപ്പെടുന്ന മലമ്പുഴ മണ്ഡലത്തിലെ വികസനനേട്ടങ്ങൾ സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷമുണ്ടായ വികസനനേട്ടങ്ങളുടെ ഒരു പരിഛേദമാണ്. ആയിര ക്കണക്കിനാളുകൾക്ക് തൊഴിൽ ലഭിക്കുന്ന ടെക്സ്റ്റൈൽ പാർക്കും ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജും നഴ്സിങ്ങ് കോളേജുമടക്കമുള്ള സ്ഥാപനങ്ങൾ വന്നു. കേരളത്തിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമാക്കി മലമ്പുഴയെ മാറ്റാനുതകുംവിധം മലമ്പുഴ ഉദ്യാനം നവീകരിക്കുന്ന പ്രവൃത്തി ആരംഭിച്ചു. നമ്മുടെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് കേന്ദ്രം അനുവദിച്ച റെയിൽവേ കോച്ച് ഫാക്ടറി ഈ മണ്ഡലത്തിലാണ് വരാൻ പോകുന്നത്. അതിനാവശ്യ മായ സ്ഥലം മുഴുവൻ ലഭ്യമാക്കിക്കഴിഞ്ഞു. ഭാരത് എർത്ത് മൂവേഴ്സ് ഒരു യൂണിറ്റ് ഇവിടെ ആരംഭിച്ചു. ഇങ്ങനെ എടുത്തുപറയാൻ എത്രയോ കാര്യങ്ങളുണ്ട്.

ക്ഷേമനടപടികളുടെയും കാർഷിക-വ്യാവസായികോല്പാദന വർധന യുടെയും വികസനസംരംഭങ്ങളുടെയുമെല്ലാം കാര്യത്തിൽ അഭൂത പൂർവമായ നേട്ടങ്ങളാണ് കഴിഞ്ഞ നാല് വർഷംകൊണ്ടുണ്ടായത്. അതെല്ലാം പൂർവാധികം നല്ലനിലയിൽ മുന്നോട്ടുകൊണ്ടുപോകാ നുള്ള പ്രവർത്തനത്തിൽ എല്ലാവരുടെയും സഹകരണമുണ്ടാകണ മെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം...